## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3122 11/12/2014-ൽ മറുപടിയ്ക്ക്

## പി.എം.ജി. - പട്ടം റോഡ് വീതി കൂട്ടൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ. എ. അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) | തിരുവനന്തപുരം പി. എം. ജി. - പട്ടം റോഡ് വീതി കൂട്ടുന്നതിനായി സ്ഥലം ഏറ്റെടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ഉത്തരവിട്ടത്; | (എ) | തിരുവനന്തപുരം പി. എം. ജി. - പട്ടം റോഡ് വീതി കൂട്ടുന്നതിനായി സ്പെഷ്യൽ തഹസിൽദാർ എൽ.എ.-എൻ.എച്ച്. കാര്യാലയം മുഖേന നടപടി സ്വീകരിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ഉത്തരവ് അസാധുവാക്കിയ(ജി)ിട്ടുണ്ടോ; | (ബി) | പ്രസ്തുത പൊന്നുംവില നടപടി ഔദ്യോഗികമായി പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) | ഈ റോഡിന്റെ വീതി കൂട്ടൽ നിറുത്തിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) | കേശവദാസപുരം-പി.എം.ജി. (റീച്ച്-3) പൊന്നുംവില നടപടിയുടെ അർത്ഥനാധികാരിയായ ദേശീയപാത വിഭാഗം എക്സി. എഞ്ചിനീയറുടെ കാര്യാലയം യഥാസമയം ഫണ്ട് ലഭ്യമാക്കാത്തതിനാൽ ടി പൊന്നുംവില നടപടി ഡിനോവ ആയിട്ടുള്ളതാകുന്നു. |
| (ഡി) | വീതി കൂട്ടുന്നതിനായി ഏതൊക്കെ ഉടമസ്ഥരുടെ എത്ര വീതം വസ്തുവാണ് റവന്യൂ രേഖകളിൽ നിന്ന് കുറവ് ചെയ്തത്; വിശദാംശം നൽകുമോ; | (ഡി) | പ്രസ്തുത പൊന്നുംവില നടപടിയിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുക്കളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | |
|---|---|
| (ഇ) ഈ പദ്ധതി ഒഴിവാക്കിയ സാഹചര്യത്തിൽ റവന്യൂ രേഖകളിൽ നിന്നും കുറവു ചെയ്തു ഭൂമി തിരികെ ഉടമസ്ഥർക്ക് നൽകി ഭൂമിയുടെ കരം ഒടുക്കുന്നതിന് ഉടമസ്ഥരെ അനുവദിക്കുമോ ; | (ഇ) പിൻവാങ്ങൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചതിനു ശേഷം എൽ.എ. സ്കെച്ച് ക്യാൻസൽ ചെയ്ത് പഴയ സ്കെച്ച് നിലനിർത്തിയാൽ മാത്രമേ ഭൂമിയുടെ ഉടമസ്ഥർക്ക് എൽ.എ യ്ക്കുവേണ്ടി ഉൾപ്പെടുത്തിയിരുന്ന ഭൂമിയ്ക്കുകൂടി കരം ഒടുക്കുന്നതിന് സാധിക്കുകയുള്ളൂ. |
| (എഫ്) ഇത് സംബന്ധിച്ച് ഏതൊക്കെ പരാതികളാണ് വകുപ്പിലുള്ളത്;<br><br>(ജി) പരാതികളിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ? | <u>(എഫ്) & (ജി)</u><br>ടി വിഷയം സംബന്ധിച്ച് ലാന്റ് റെക്കോർഡ്സ് മെയിന്റനൻസ് മുഖേന ഏഴ് പരാതികളും, ആർ.എസ്.പി. സംസ്ഥാന കമ്മിറ്റി സെക്രട്ടറി ഉൾപ്പെടെയുള്ള 6 പേർ സമർപ്പിച്ച പരാതിയും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിൽ ലാന്റ് റെക്കോർഡ്സ് മെയിന്റനൻസ് മുഖേന ലഭിച്ച പരാതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി വസ്തുവിന്റെ സ്കെച്ചും സബ്ബ് ഡിവിഷൻ സ്റ്റേറ്റ്മെന്റും തയ്യാറാക്കി ആയതിൽ അഡീഷണൽ തഹസിൽദാർ, ജില്ലാ സർവ്വേ സൂപ്രണ്ട് എന്നിവർ ഒപ്പിട്ട് അഡീഷണൽ തഹസിൽദാറുടെ നടപടിക്രമം തയ്യാറാക്കി കരം ഒടുക്ക് വരുത്തുന്നതിനായി ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ മുൻപാകെയുള്ള പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്